www.img.kerala.gov.in
e-mail: imgtvpm@gmail.com
Telephone: 0471-2304229/608
Fax: 0471-2302391

# INSTITUTE OF MANAGEMENT IN GOVERNMENT

*(An Autonomous Body Constituted by the Government of Kerala)*

Vikas Bhavan P.O.
Thiruvananthapuram - 695 033.

നംപർ.2852/പി4/2013/ഐ).എം.ജി. 7 മെയ് 2013

ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ)
പബ്ളിക്ക് വർക്ക്സ് ഡിപ്പാർട്ടുമെൻറ്
മ്യൂസിയം പി.ഓ
തിരുവനന്തപുരം

സർ,

വിഷയം ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി - നാമനിർദ്ദേശം സംബന്ധിച്ച് -

ഭരണഭാഷാ വിപുലീകരണത്തിന്റെ ഭാഗമായി നിലവിൽ നൽകി വരുന്ന ഔദ്യോഗിക ഭാഷാ പരിശീലന പരിപാടികൾക്കു പുറമേ സീനിയർ സൂപ്രണ്ട്/സെക്ഷൻ ഓഫീസർ പദവിയിലും അതിനുമുകളിലുമുള്ള ഉദ്യോഗസ്ഥർക്കായി ഭരണഭാഷാ തീവ്ര പരിശീലന ക്ളാസ്സുകൾ തുടങ്ങുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. 2013 -14 സാമ്പത്തിക വർഷത്തിൽ ഇത്തരത്തിലുള്ള 11 പരിശീലന പരിപാടികളാണ് ഐ.എം.ജി.യുടെ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിലായി നടത്താൻ ഉദ്ദേശിക്കുന്നത്. ഈ വിഭാഗത്തിൽപ്പെട്ട ആദ്യ പരിശീലന പരിപാടി 2013 ജൂൺ 21 ന് തിരുവനന്തപുരത്ത് ആരംഭിക്കും.

ഈ പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരുടെ പേരു വിവരം അയച്ചു തരാൻ താൽപര്യപ്പെടുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ നാമനിർദ്ദേശം ഡയറക്ടർ ഐ.എം.ജി. വികാസ് ഭവൻ പി.ഒ,തിരുവനന്തപുരം എന്ന വിലാസത്തിലും, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിലെ നാമനിർദ്ദേശങ്ങൾ റീജിയണൽ ഡയറക്ടർ, ഐ.എം.ജി. കാക്കനാട്, കൊച്ചി എന്ന വിലാസത്തിലും, കോഴിക്കോട്, മലപ്പുറം, പാലക്കാട്, കാസർകോട്, കണ്ണൂർ, വയനാട് ജില്ലകളിലെ നാമനിർദ്ദേശം റീജിയണൽ ഡയറക്ടർ ഐ.എം.ജി. റീജിയണൽ സെൻറർ, കോഴിക്കോട് എന്ന വിലാസത്തിലുമാണ് അയയ്ക്കേണ്ടത്. നാമനിർദ്ദേശം ലഭിക്കേണ്ട അവസാന തീയതി 29.5.2013 ആണ്.

ഐ.എം.ജി.യിൽ നിന്നും പരിശീലനാർത്ഥികളെ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ലഭിച്ചതിനുശേഷം മാത്രമേ വകുപ്പുകളിൽ നിന്നും പരിശീലനാർത്ഥികളെ ഐ.എം.ജി.യിലേയ്ക്ക് അയയ്ക്കേണ്ടതുള്ളു എന്നുള്ള വിവരവും പ്രത്യേകമായി അറിയിച്ചു കൊള്ളുന്നു.

താങ്കളുടെ വിശ്വസ്തൻ,
ഒപ്പ്
പി.ആർ ബാലചന്ദ്രൻ
അസോസിയേറ്റ് ഫെല്ലോ
ഡയറക്ടർ ജനറലിനു വേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ